പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1839 10/02/2020 ൽ മറുപടിയ്ക്ക്.

## ടൂറിസ്റ്റ് ബസ്സുകളുടെ നിയമലംഘനം

**ചോദ്യം**

ശ്രീ. സി.മമ്മൂട്ടി
ശ്രീ. കെ.എം.ഷാജി
ഡോ.എം.കെ.മുനീർ
ശ്രീ. പി.കെ.ബഷീർ

**മറുപടി**

ശ്രീ.എ.കെ.ശശീന്ദ്രൻ
(ഗതാഗതവകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അനധികൃതമായ ലൈറ്റും ശബ്ദസംവിധാനവും ചിത്രപരസ്യങ്ങളും പ്രദർശിപ്പിക്കുന്ന ടൂറിസ്റ്റ് ബസുകൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അനധികൃതമായി ലൈറ്റും, ശബ്ദസംവിധാനങ്ങളും ചിത്രപ്പണികളും പ്രദർശിപ്പിക്കുന്ന കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്കെതിരെ സി.എഫ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്കും ഏകീകൃത കളർ കോഡ് ഏർപ്പെടുത്തുവാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | പഠനയാത്രയ്ക്കായി പോകുന്ന ഇത്തരം ബസ്സുകൾ അപകടകരമായ രീതിയിൽ അഭ്യാസപ്രകടനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | 7 വാഹനങ്ങൾക്കെതിരെ നടപടിയെടുക്കുകയും ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്നും പരിശോധന കർശനമാക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ